അടിസ്ഥാന സൗകര്യങ്ങളിലും ഗണ്യമായ മാറ്റം വരുന്നതാണ്. കൂടാതെ കാലോചിതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരുന്നതിനാൽ അക്കാദമിക തലത്തിലും കാര്യമായ പുരോഗതി ഉണ്ടാകുന്നതാണ്.

**സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി**

148(3755) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; ഇതിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ആരാണ്;

(ബി) 2016 ജനുവരി മുതൽ വിവിധ വിഷയങ്ങളിൽ അച്ചടക്ക നടപടിയ്ക്ക് വിധേയരായവരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇതിൽ കുറ്റവിമുക്തരായവരുടെ പേര് വിവരം ലഭ്യമാക്കുമോ; കുറ്റവിമുക്തരായവർ വീണ്ടും ആ സ്ഥാനങ്ങളിൽ ജോലി നോക്കുന്നുണ്ടോ;

(സി) വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതും പിന്നീട് ഇത് സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടാകാത്തതും വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സ്കോളർഷിപ്പ്, ഉച്ചക്കഞ്ഞി, ഫീസ് തുടങ്ങിയ വിഷയങ്ങളിൽ നടപടിക്ക് വിധേയരായവർ വീണ്ടും ആ സ്ഥാനങ്ങളിൽ ജോലിനോക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നടപടികൾ എടുക്കുമ്പോൾ കുറ്റകൃത്യങ്ങളിൽ ഉത്തരവാദിത്തമുള്ള, ഉന്നത ഉദ്യോഗസ്ഥരെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഉച്ചക്കഞ്ഞിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഡി.പി.ഐ.യിലെ ഫയൽ പ്രോസസ്സിംഗ് സംവിധാനം എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ജി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തലത്തിലുള്ള ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച ഫയൽ കാണുന്നുണ്ടോ; ഉച്ചക്കഞ്ഞി ഫണ്ട് തിരിമറി കേസുകളിൽ സൂപ്രണ്ട്, എ.എ. തുടങ്ങിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly